പാലംപണിയുന്നതിനുള്ള എസ്റ്റിമേറ്റ്

*ക ൦ ക ന. (ന) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) മംഗലപ്പുഴ, തോട്ടപ്പള്ളി, കന്നേറ്റി എന്നീ പാലങ്ങളുടെ പണിക്കുള്ള എസ്റ്റിമേറ്റ് അയച്ചുകൊടുക്കുവാൻ കേന്ദ്രഗവൺമെന്റിനെ പൊതുമരാമത്തുവകുപ്പു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതനുസരിച്ച് എസ്റ്റിമേറ്റ് അയച്ചുകൊടുത്തോ?

(സി) ആ പാലങ്ങൾ പണിയുന്നതിനുള്ള ചെലവ് കേന്ദ്രഗവൺമെന്റ് വഹിക്കുമോ;

(ഡി) വേറെ ഏതെങ്കിലും പാലത്തിന്റെ എസ്റ്റിമേറ്റ് ചോദിച്ചിട്ടുണ്ടോ;

(ഇ) തിരുവല്ലാ–മാവേലിക്കര റോഡിൽ പുളിക്കീഴിലും തിരുവല്ലാ–എടത്വാ റോഡിൽ നീരേറ്റുപുറത്തും പാലം പണിയുന്ന കാര്യം ഗവൺമെന്റിന്റെ ആലോചനയിൽ പെട്ടിട്ടുണ്ടോ;

(എഫ്) നാഷനൽ ഹൈവേ ഏതുവഴിയായിരിക്കണമെന്നുള്ള തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിന്റെ അഭിപ്രായം ഇൻഡ്യാഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ആ പാലങ്ങൾ കേന്ദ്രഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള റോഡിലായതുകൊണ്ട് അവ പണിയുന്നതിനുള്ള ചെലവ് ആ ഗവൺമെന്റു വഹിക്കേണ്ടതാണ്.

(ഡി) ചുവറ പാലത്തിന്റെ എസ്റ്റിമേറ്റ് ചോദിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന വലിയ പാലങ്ങൾ പൂർത്തിയായതിനുശേഷം അതിനെപ്പറ്റി തീർച്ചയായും ആലോചിക്കുന്നുണ്ട്.

(എഫ്) ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: തിരുവല്ലാ–മാവേലിക്കര റോഡിൽ പുളിക്കീഴിൽ ഒരു പാലം പണിയുന്നതിനുള്ള പ്രാരംഭനടപടികൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പ്രാരംഭനടപടികൾ എടുക്കുന്നതിലേയ്ക്ക് ഒരു എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.

വെറ്ററിനറി ഡിപ്പാർട്ട്മെന്റ്

*ക ൦ ക ൯. (൯) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വെറ്ററിനറിവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) പബ്ലിക്സർവ്വീസുകമ്മീഷണർ നിയമിച്ച ഒരു മിസ്റ്റർ ഗംഗാധരൻനായരെ പിരിച്ചുവിട്ടിട്ട് ഒരു മിസ്റ്റർ പ്രകാരൻനായരെ വെറ്ററിനറി ഡിപ്പാർട്ട്മെന്റിൽ നിയമിച്ചിട്ടുള്ളതായി ഗവൺമെന്റിനറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോഴത്തെ വെറ്ററിനറി ഡയറക്ടരെപ്പറ്റി വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെപ്പറ്റി എന്തു നടപടി നടത്തിയെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുമുമ്പ് തിരുവിതാംകൂർ വെറ്റർണറിപ്രൊട്ടമെന്റിൽ പബ്ലിക്സർവ്വീസുകമ്മീഷന്റെ ഉപദേശാനുസരണം ആക്ടിംഗ് ശിപായിയായി ഒരു ഗംഗാധരൻനായരെ നിയമിക്കയുണ്ടായിട്ടുണ്ട്. എന്നാൽ വേക്കൻസി ഇല്ലാതെവന്നതുകൊണ്ടു പിരിച്ചുവിടുകയുണ്ടായി. സംയോജനത്തിനുമുൻപാണു നിയമനം നടത്തിയിട്ടുള്ളതു്.

(ബി) പേരുവയ്ക്കാതെയും കള്ളപ്പേരുവച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള പരാതിതളെസംബന്ധിച്ചു് ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടില്ല.

(സി) പരാതിക്കു വിധേയമായ ഉദ്യോഗസ്ഥനെസംബന്ധിച്ചു അന്വേഷണങ്ങൾ നടത്തുന്നുണ്ട്. അസിസ്റ്റന്റ് ഡയറക്ടറും ചില പരാതികൾ ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംയോജനത്തിനുശേഷം ഒരു നിയമനം നടത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാൻപാടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ നിയമനംനടത്തിയിട്ടുണ്ടോ എന്നന്വേഷിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും അന്വേഷിക്കാം.

കാമ്പുരത്തിചിറ

*ക ൦ കവ്യ. (വ) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാതാലൂക്കിൽ പന്തളം വടക്കേക്കര പകുതിയിൽ കീഴേചാൽ പുഞ്ചയിൽ ഉൾപ്പെട്ട 'കാമ്പുരത്തിചിറ' നെൽകൃഷിക്കുവേണ്ടി നന്നാക്കിക്കൊടുക്കണമെന്നു് സ്ഥലവാസികളിൽനിന്നും അപേക്ഷകൾ കിട്ടിയിയിട്ടുണ്ടോ;

(ബി) അതെപ്പറ്റി എന്തു് നടപടികൾ കൈക്കൊണ്ടു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ചിറകെട്ടിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും തയാറാക്കിക്കഴിഞ്ഞു. ജോലി ഉടനെ തുടങ്ങുന്നതുമാണു്.

തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിലെ കൃഷിനാശം

*ക ൦ കവ്യ. (ന) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കവ്യ-ലെ വിരുപ്പു കൃഷികൾ തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിലെ വടക്കൻ താലൂക്കുകളിൽ ചാഴിക്കേടുനിമിത്തം നാശം സംഭവിച്ചിരിക്കുന്നതായി ഗവണ്മെന്റിലേക്കു് അറിവു കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly